**BELIEVERS EASTERN CHURCH WORLD HEADQUARTERS**
Office of the Metropolitan, St.Thomas Community, Kuttappuzha P.O., Thiruvalla-689103, Kerala, India

# ഇടയലേഖനം

മാർച്ച്/ഏപ്രിൽ 2025

**എത്രയും പ്രിയപ്പെട്ട എന്റെ വൈദികർക്കും വിശ്വാസസമൂഹത്തിനും**

നമ്മുടെ രക്ഷിതാവായ യേശുമ്ശിഹായുടെ കൃപയും കരുണയും സമാധാനവും നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആമേൻ✠

നമ്മുടെ പരിശുദ്ധ സഭയുടെ ചരിത്രത്തിലെ ഏറ്റവും സുപ്രധാനമായ നിമിഷങ്ങളിലൊന്നിലേക്ക് നിങ്ങളുടെ എല്ലാവരുടെയും ശ്രദ്ധ ക്ഷണിക്കുന്നതിനുവേണ്ടിയാണ് ഞാൻ നിങ്ങളെ അഭിസംബോധന ചെയ്യുന്നത്. 2025 മെയ് 8-ന് നമ്മുടെ മെത്രാപ്പൊലീത്താ പിതാവായ അത്തനേഷ്യസ് യോഹാൻ പ്രഥമൻ 2025 മെയ് 8-ന് നിത്യതയിലേക്ക് പ്രവേശിച്ച് ഒരു വർഷം തികയുന്നതിന്റെ സ്മരണദിനമാണ്.

ഈ ലോകത്തിൽ നിന്നുള്ള വന്ദ്യപിതാവിന്റെ വേർപാട് മനസ്സിലാക്കാൻ ഒരു സഭ എന്ന നിലയിൽ നമുക്ക് തീർച്ചയായും ബുദ്ധിമുട്ടാണ്. എന്നാൽ പിതാവിന്റെ ഓർമ്മ നിലനിർത്തുവാനുള്ള അവസരം നമ്മുടെ ഭാഗ്യമാണ്. പിതാവ് നമുക്ക് പകർന്നു നൽകിയ പഠിപ്പിക്കലുകൾക്കനുസൃതമായി ജീവിച്ച്, അദ്ദേഹം ആരംഭിച്ച വേല തുടരുവാനും അത് അടുത്ത തലമുറയ്ക്ക് കൈമാറുവാനും അദ്ദേഹത്തിന്റെ ജീവിതം അനുകരിക്കുവാനും ഞാൻ നിങ്ങളോട് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ഈ ഉത്തരവാദിത്തം ഒരു ഭാരമല്ല, ഇത് നമുക്കേവർക്കും വലിയ സന്തോഷവും ആദരവും നൽകുന്നതാണ്. അത് നാം ആവേശത്തോടെയും പ്രതിബദ്ധതയോടെയും സ്വീകരിക്കണം.

പരിശുദ്ധ സഭ ഭാഗ്യസ്മരണീയനായ അത്തനേഷ്യസ് യോഹാൻ പ്രഥമന്റെ ഒന്നാം ഓർമ്മദിനം ആചരിക്കുവാൻ ഒരുങ്ങുകയാണ്. നമ്മുടെ എല്ലാവരുടെയും ഹൃദയങ്ങളും മനസ്സുകളും ഈ വിശുദ്ധ ആചരണത്തിൽ ഉണ്ടാകണം. ഒരു ഇടവകയെന്ന നിലയിൽ പ്രാർത്ഥനകൾ അർപ്പിക്കുവാനും, നമ്മുടെ പിതാവിന്റെ ജീവിതത്തിനും പൈതൃകത്തിനും സർവ്വശക്തനായ ദൈവത്തിന് നന്ദി പറയുവാനും നാം ഒത്തുചേരണം. ഈ സ്മരണദിനത്തെ നാം നമ്മുടെ നാലു ചുവരുകൾക്കുള്ളിൽ ഒതുക്കി നിഷ്ക്രിയരാകാതെ അതിനു പകരമായി ഒരു പടികൂടി നമുക്ക് മുന്നോട്ടു പോകാം. സ്നേഹത്തോടും കാരുണ്യത്തോടും ലോകത്തെ സേവിക്കാൻ നമ്മെ പഠിപ്പിച്ച അദ്ദേഹം നമ്മെ പഠിപ്പിക്കുകയും മാതൃക കാണിക്കുകയും ചെയ്തതുപോലെ നമുക്കും പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ തയ്യാറാകാം.

നിങ്ങളുടെ ആത്മീയ പിതാവെന്ന നിലയിൽ നിങ്ങളുടെ ശ്രദ്ധയെ ഞാൻ നാം സ്മരിക്കുന്ന വന്ദ്യപിതാവിന്റെ ജീവിതശൈലിയിലൂടെ കാതലായ വശങ്ങളിലേക്ക് ക്ഷണിക്കുവാൻ ആഗ്രഹിക്കുന്നു. അത് ഒരു പ്രത്യേക ദിവസത്തേക്ക് മാത്രമല്ല, അനുദിനം നാം ഈ ശൈലിയെ ഓർക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യണം.

1. കാരുണ്യത്തിന്റെയും ദാനധർമ്മത്തിന്റെയും പ്രവർത്തികൾ: ഭാഗ്യസ്മരണീയനായ നമ്മുടെ പിതാവിന്റെ ഹൃദയം രോഗികളെയും, ദരിദ്രരെയും, അവഗണിക്കപ്പെട്ടവരെയും ഓർത്തു തകരുകയും ക്രിസ്തുവിനെപ്പോലെ അവരെ സ്നേഹിക്കാൻ ത്യാഗങ്ങൾ ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ സ്മരണാർത്ഥം ദാനധർമ്മങ്ങളിലൂടെയും നിങ്ങളുടെ സമൂഹത്തിലെ പ്രവർത്തികളിലൂടെയും, രോഗികളെ സന്ദർശിക്കുന്നതിലൂടെയും ലളിതമായ കാരുണ്യപ്രവർത്തനങ്ങളിലൂടെയും ആവശ്യക്കാരിലേക്ക് എത്തിച്ചേരുവാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

2. ദൈനംദിന പ്രാർത്ഥനയും ധ്യാനവും: ഒരു സഭ എന്ന നിലയിൽ ഇടവിടാതെ പ്രാർത്ഥിക്കുവാനും കർത്താവിന്റെ പ്രാർത്ഥന നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുവാനും കാലം ചെയ്ത പിതാവ് നമ്മെ പ്രോത്സാഹിപ്പിച്ചു. വ്യക്തിപരമായി കുടുംബപ്രാർത്ഥനകളിലൂടെയും വിശുദ്ധ കുർബ്ബാനകളിലൂടെയും, കർത്താവിന്റെ പ്രാർത്ഥന പ്രാർത്ഥിക്കുന്നതിലൂടെയും നമുക്ക് ആഴത്തിലുള്ള പ്രാർത്ഥനാജീവിതം നയിക്കുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

3. സഭയ്ക്കും സമൂഹത്തിനുമുള്ള സേവനം: കാലം ചെയ്ത പിതാവ് വിശുദ്ധ സഭയെ പൂർണ്ണഹൃദയത്തോടെ സേവിക്കുകയും അതിനെ കെട്ടിപ്പണിയുവാൻ അക്ഷീണം പ്രവർത്തിക്കുകയും ചെയ്തു. “സഭയെക്കുറിച്ച് ചിന്തിക്കുക” എന്ന അദ്ദേഹത്തിന്റെ നിരന്തരമായ പ്രസ്താവനയും ഞാൻ ഓർക്കുന്നു. നമ്മുടെ സഭയുടെ വളർച്ചയ്ക്കും അതിലൂടെ നമ്മുടെ സമൂഹത്തിന്റെ ക്ഷേമത്തിനുംവേണ്ടി നമ്മുടെ കഴിവുകളും സമയവും സമർപ്പിച്ചുകൊണ്ട് നമുക്ക് പ്രവർത്തനങ്ങൾ തുടരാം. ഇടവകയുടെ പരിപാടികളിൽ സഹായിക്കുക, സഭാ ശുശ്രൂഷകളെ പിന്തുണയ്ക്കുക, സാമൂഹിക പ്രവർത്തനങ്ങളെ സഹായിക്കുക തുടങ്ങിയ ചെറുതും വലുതുമായ രീതികളിൽ സേവനമനുഷ്ഠിക്കാൻ നമുക്ക് എണ്ണമറ്റ അവസരങ്ങളുണ്ട്.

4. ഭാവി തലമുറയ്ക്കായി വിശ്വാസം സംരക്ഷിക്കുക: ഭാഗ്യസ്മരണീയനായ പിതാവ് കുഞ്ഞുങ്ങളെ എപ്പോഴും സ്നേഹിക്കുകയും അവർക്ക് മുൻഗണന നൽകുകയും ചെയ്തിരുന്നു. സൺഡേ സ്കൂൾ, ബിലീവേഴ്സ് യൂത്ത്, വിമൻസ് ഫെലോഷിപ്പ്, മതബോധനം, പ്രാർത്ഥന, മാതൃകാപരമായ ജീവിതം എന്നിവയിലൂടെ വിശുദ്ധ സഭയുടെ ജീവിതം അടുത്ത തലമുറയ്ക്ക് കൈമാറാൻ നാം പ്രതിജ്ഞാബദ്ധരാകണം.

കാലം ചെയ്ത നമ്മുടെ പിതാവിനെ നിലനിർത്തുകയും നമ്മുടെ സഭയെ രൂപപ്പെടുത്തുകയും ചെയ്ത വിശ്വാസം നമ്മുടെ അടുത്ത തലമുറയെ നിലനിർത്തുകയും രൂപപ്പെടുത്തുകയും ചെയ്യുമെന്ന് നമുക്ക് ഉറപ്പിക്കാം.

എന്റെ പ്രിയപ്പെട്ടവരെ, കേൾവിക്കാർ മാത്രമല്ല! അതിലുപരി പ്രവർത്തിക്കുന്നവരായിരിപ്പാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. നമ്മുടെ സഭയുടെ പിതാവായ അത്തനേഷ്യസ് യോഹാൻ പ്രഥമൻ മെത്രാപ്പൊലീത്തായുടെ അനുഗ്രഹീത ഓർമ്മയുടെ ജീവിതശൈലി നമുക്ക് പൂർണ്ണ ഹൃദയത്തോടെ സ്വീകരിക്കാം. മറ്റുള്ളവരെ സേവിക്കാനും നമ്മിൽ മുദ്രയിട്ടിരിക്കുന്ന ക്രിസ്തുവിന്റെ പ്രതിഛായയെ പ്രതിഫലിപ്പിക്കുവാനും യേശുവിന്റെ കൈകളും കാലുകളും നാവുമായി നാം വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് ഓർമ്മിക്കുക. നമുക്ക് ക്രിസ്തുവിനെപ്പോലെ ആയിരിക്കാൻ കഴിയട്ടെ.

അവന്റെ ഓർമ്മ ശാശ്വതമായിരിക്കട്ടെ!

പിതാവും പുത്രനും പരിശുദ്ധ റൂഹായുമാകുന്ന ത്രിയേക ദൈവത്തിന്റെ സമൃദ്ധമായ കൃപയും കരുണയും എല്ലാ വിശുദ്ധന്മാരുടെയും, വിശുദ്ധ ദൈവമാതാവിന്റെയും മദ്ധ്യസ്ഥതയും എന്നും നമ്മെ നയിക്കുകയും ദൈവസിംഹാസനത്തിൻ മുൻപിൽ നിന്ന് ഇന്നും എന്നും എല്ലായ്പ്പോഴും നമുക്ക് സംരക്ഷണം നൽകുകയും ചെയ്യുമാറാകട്ടെ. ✠ ആമേൻ!

പിതൃസ്നേഹത്തോടും പ്രാർത്ഥനയോടുംകൂടെ,

പരിശുദ്ധ സഭയിൽനിന്നും,

ക്രിസ്തുവിൽ നിങ്ങളുടെ പിതാവ്

**✠മോറാൻ മോർ സാമുവൽ തെയോഫിലസ് മെത്രാപ്പോലീത്ത**